വൈദ്യുതി മോഷണം ജാമ്യമില്ലാ കുറ്റമാക്കികൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഓർഡിനൻസ്

118 (1661) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം ജാമ്യമില്ലാ കുറ്റമാക്കിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഓർഡിനൻസ് അനുസരിച്ച് സംസ്ഥാനത്ത് നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം അറിയിക്കാമോ ?

ഉത്തരം

(എ) ഓർഡിനൻസിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു. *

(ബി) പ്രസ്തുത ഓർഡിനൻസ് അനുസരിച്ച് സംസ്ഥാനത്ത് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

വൈദ്യുതി മോഷണം തടയാൻ നടപടി

119 (1662) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുതി മോഷണകേസുകൾ കണ്ടുപിടിച്ചു എന്നും അതിൽ എത്ര എണ്ണം ചാർജ് ചെയ്തു എന്നും എത്ര എണ്ണത്തിൽ ശിക്ഷിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വൈദ്യുതി മോഷണം നടക്കുന്ന ജില്ല, ഡിവിഷൻ, സബ്ഡിവിഷൻ എന്നിവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏറ്റവും കൂടുതൽ വൈദ്യുതി നഷ്ടം രേഖപ്പെടുത്തുന്ന ജില്ല, ഡിവിഷൻ, സബ്ഡിവിഷൻ എന്നിവ ഏതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതിമോഷണം തടയാൻ എടുത്ത നടപടികൾ ഊർജ്ജിതപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 180 മോഷണ കേസ്സുകൾ കണ്ടുപിടിക്കുകയും അതിൽ 52 ഉപഭോക്താക്കൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ഇവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly